# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5592      24/05/2017-ൽ മറുപടിക്ക്

## റാബിസ് സിറത്തിന് ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സർക്കാർ ആശുപത്രികളിൽ പേവിഷബാധയുള്ള ആന്റി റാബിസ് സിറത്തിന് ക്ഷാമം ഉള്ളതായ വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | സർക്കാർ ആശുപത്രികളിൽ പേവിഷ ബാധയുള്ള ആന്റി റാബിസ് സിറത്തിന് ക്ഷാമം ഉള്ളതായ വസ്തുത ശ്രദ്ധയിൽപെട്ടിട്ടില്ല. ഏതെങ്കിലും സാഹചര്യത്തിൽ ആന്റി റാബീസ് സിറത്തിന് ക്ഷാമം നേരിട്ടാൽ സ്ഥാപന മേധാവികൾക്ക് തന്നെ ഈ മരുന്ന് ലോക്കൽ പർച്ചേസ് ചെയ്യുവാനുള്ള അധികാരമുണ്ട്. |
| ബി) | വിൻഡ് ബയോ പ്രൊഡക്ട് കമ്പിനിയുടെ 16002 ബാച്ചിലെ ആന്റി റാബിസ് സിറത്തിന്റെ ഗുണനിലവാരത്തിലുണ്ടായ സംശയം മൂലം ഉപയോഗം നിർത്തിവെയ്ക്കണമെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതിന് പകരമായി എന്ത് നടപടിയാണ് കൈക്കൊണ്ടത്; | ബി) | വിൻസ് ബയോപ്രോഡക്ട്സ് എന്ന കമ്പനിയുടെ ആന്റി റാബീസ് സിറത്തിനെ സംബന്ധിച്ച് (ബാച്ച് നമ്പർ 02AR16002) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം 22/10/2016 മുതൽ താൽക്കാലികമായി മരവിപ്പിക്കുകയും ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ മുഖാന്തിരം സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ അയയ്ക്കുകയുമുണ്ടായി. പ്രസ്തുത ലാബിൽ നിന്നും ഗുണനിലവാരമുള്ളതായി പരിശോധനാഫലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി. മരുന്നിന് 05/01/2017 ന പുനരുപയോഗത്തിനുള്ള മോചനനുമതി നൽകുകയുണ്ടായി. എന്നാൽ ടി മരുന്നിന്റെ പ്രസ്തുത ബാച്ചിനു വീണ്ടും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ഉപയോഗം 09/03/2017 മുതൽ താൽക്കാലികമായി മരവിപ്പിച്ചുവെങ്കിലും ഒരു തവണ ഭാരതത്തിലെ പരമോന്നത ലാബായ സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ഗുണനിലവാരപരിശോധനയ്ക്കായി ടി മരുന്ന് അയച്ചിട്ടുള്ളതിനാൽ വീണ്ടും ഗുണനിലവാര പരിശോധന നടത്താൻ സാങ്കേതിക തടസ്സം ഉള്ളതിനാൽ ടി മരുന്നിന് പുനരുപയോഗത്തിനുള്ള മോചനനുമതി 22/04/2017 ന നൽകി. പരാതി ഉയർന്ന ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം താൽക്കാലികമായി മരവിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത സമയത്ത് ടി മരുന്നിന്റെ മറ്റു ബാച്ചുകളുടെ (69,948 ഇൻജക്ഷൻ) ശേഖരം സംസ്ഥാനത്തൊട്ടാകെ ലഭ്യമായിരുന്നു. |
| സി) | സർക്കാർ മേഖലയിൽ ആന്റി റാബിസ് വാക്സിൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | സി) | സർക്കാർ മേഖലയിൽ ആന്റി റാബീസ് വാക്സിൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ